CALLING ATTENTION UNDER RULE 61

Difficulties experienced by toddy tappers of Trichur Taluk

9. a. m.]

Mr. Speaker: I have received a notice under Rule 61 from Shri C. Achutha Menon. I call upon the hon. Member to make a statement.

ശ്രീ. സി. അച്യുതമേനോൻ : സർ, തൃശ്ശൂർ താലൂക്കിലെ ചെത്തു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ ഏപ്രിൽ ഒന്നാം തീയതി മുതൽ ഉണ്ടാകുന്ന വിഷമസ്ഥിതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനാണ് ഇതുമൂലം ഞാനുദ്ദേശിക്കുന്നത്. ഈ താലൂക്കിൽ ഏകദേശം 2300-ലധികം ചെത്തുതൊഴിലാളികളാണുള്ളത്. ഇതിലധികം ചെത്തുതൊഴിലാളികളുള്ള ഒരു താലൂക്കു ഈ സംസ്ഥാനത്തു വേറെയില്ല. ഈ കൊല്ലത്തെ ഷാപ്പ് ലേലത്തെസംബന്ധിച്ചിടത്തോളം വളരെ അനിശ്ചിതമായ ഒരു നിലയാണുണ്ടായിട്ടുള്ളത്. സാധാരണ ഫെബ്രുവരി മാസത്തിലാണ് ഈ ഷാപ്പുലേലം നടത്താറുള്ളത്. എന്നാൽ ഇക്കൊല്ലം ഫെബ്രുവരി മാസത്തിൽ നടത്തുകയുണ്ടായില്ല. കഴിഞ്ഞ ആണ്ടിൽ പിടിച്ചിരുന്ന തുകയേക്കാൾ 5 ശതമാനം കൂടുതലായി വിളിക്കാൻ ആളുകളുണ്ടെങ്കിൽ ലേലം ചെയ്താൽ മതിയെന്നു റവന്യൂബോർഡ് തീരുമാനിച്ചിരുന്നു. എന്നാൽ അങ്ങനെ അഞ്ചുശതമാനം കൂട്ടി വിളിക്കാൻ ആളുണ്ടായില്ല. അതുകൊണ്ട് ലേലം നടന്നില്ല. എന്നാൽ മാർച്ച് 9-ാം തീയതി ലേലം നടത്തി. ലേലം പിടിച്ച ആളുകൾ സാധാരണ നിയമമനുസരിച്ചു അങ്ങനെ ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ അതിൻെറ പിറേറദിവസംതന്നെ ലേലസംഖ്യയുടെ പത്തിലൊന്നു ഉടനെ കെട്ടിവയ്ക്കണം. എന്നാൽ ഈ കൊല്ലം ഈ താലൂക്കിൽ ഒരു ഷാപ്പുടമയും ഈ പത്തിലൊന്നു കെട്ടിവയ്ക്കുകയുണ്ടായില്ല. റവന്യൂബോർഡിൽ നിന്നും അവർക്കു സാവകാശം കൊടുത്തു. അവരെ കൂടുതൽ തുകയ്ക്കു വിളിക്കുന്നതിനുള്ള പ്രേരണയോ വാഗ്ദാനമോ ആയിട്ടാണ് അങ്ങിനെ ചെയ്തിട്ടുള്ളതു എന്നുള്ളതു വ്യക്തമാണ്. ഇതു മുമ്പു ഒരിക്കലും ചെയ്തിട്ടില്ലാത്തതും ചെയ്യാൻ പാടില്ലാത്തതുമാണ്. അതിൽ പിന്നീടു ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു ചോദിക്കുകയാണെങ്കിൽ ഈ താലൂക്കിൽ കള്ളുഷാപ്പുകളും ലേലംപിടിച്ചിട്ടുള്ള ആളുകളും ആരും തന്നെ ഈ പത്തിലൊന്നു സംഖ്യ ഇതിനകം കെട്ടിവച്ചില്ല. തൃശ്ശൂരിൽ ഒരാൾ ഈ പത്തിലൊന്നിൽ കുറവായിട്ടുള്ള സംഖ്യ കെട്ടിവച്ചു. അന്തിക്കാട്ടിൽ ആരുംതന്നെ കെട്ടിവച്ചിട്ടില്ല. അവരെക്കൊണ്ടു ഷാപ്പു നടത്താൻ ഒക്കുകയില്ല എന്നു പറഞ്ഞൊഴിഞ്ഞു. ഇങ്ങനെയെല്ലാം സംഭവിച്ചിട്ടുള്ളതു റവന്യൂബോർഡുദ്യോഗസ്ഥന്മാരുടെ അങ്ങേയറത്തെ അനാസ്ഥയും പിടിപ്പുകേടും കൊണ്ടാണ്. കൂടുതൽ സംഖ്യയ്ക്കു ലേലം വിളികേൾക്കാൻവേണ്ടി വരുന്ന ആളുകൾക്കു ഷാപ്പു നടത്താനുള്ള കഴിവുണ്ടോ ഷാപ്പു ഏറെറടുത്തു നടത്തുമോ എന്നു അന്വേഷണം നടത്താതെ പ്രോൽസാഹനം കൊടുക്കുകയാണ്. സൗജന്യങ്ങളും പലതും ചെയ്തതരാമെന്നു പറഞ്ഞു ആളുകളെക്കൊണ്ടു കൂടുതൽ സംഖ്യയ്ക്കു ലേലം വിളിപ്പിച്ചു. എന്നാൽ ഇന്നു അവിടെ ഈ ലേലം വിളികേട്ടവർക്കു അതു ഏറെറടുത്തു നടത്തുന്നതിനുള്ള യാതൊരു സാഹചര്യവും ഇല്ല. കഴിവും ഇല്ല. ഗവണ്മെൻറിൻെറ റവന്യൂവിനെ തന്നെ കാര്യമായി ബാധിക്കുന്നതായതുകൊണ്ടു ഗവണ്മെൻറു ആലോചിക്കേണ്ട കാര്യമാണ്.

ഇതിൻെറ എല്ലാം ഫലമായി ഈ ഏപ്രിൽ ഒന്നാം തീയതി മുതൽ അവിടെ ചെത്തു തുടങ്ങാൻ സാദ്ധ്യമല്ലാ. കൺട്രാക്ടറന്മാർക്കു ലേലം ഉറപ്പിച്ചു കഴിഞ്ഞു ഗവണ്മെൻറിൽ അടയ്ക്കേണ്ടതായ തുക സാധാരണ നിയമം അനുസരിച്ചു അടച്ചാൽ മാത്രമേ തൊഴിലാളികൾക്കു തെങ്ങുകയറ ചെത്താൻ പാടുള്ളു. അതുമാത്രമല്ല. കൺട്രാക്ടറന്മാർ ലൈസൻസു പുതുക്കിയില്ലെങ്കിൽ ചെത്തു തൊഴിലാളികൾക്കു ചെത്താൻ പാടില്ല. അങ്ങനെ ചെയ്താൽ അതു ഇല്ലിസിറ്റ് ട്രാൻസാക്ഷൻ ആകും. എന്നാൽ ഇപ്പോൾ ഞാൻ മനസിലാക്കുന്നതു, ഗവണ്മെൻറിൽ നിന്നും നേരിട്ടു നടത്താൻ വ്യവസ്ഥ ചെയ്യുന്നു എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ചെയ്താൽ തന്നെയും തൊഴിലാളികൾക്ക് ഈ ഏപ്രിൽ ഒന്നാം തീയതി മുതൽ ചെത്താൻ പാടില്ല. കാരണം, അതിന് ലൈസൻസില്ല. അങ്ങനെ വിഷമം പിടിച്ച ഈ ഏർപ്പാടുകൾ ഒക്കെ ചെയ്താൽ തന്നെയും പുതിയതായി തെങ്ങുകൾ ഒരുക്കി ചെത്തു തുടങ്ങുന്നതിന് ഒരു മാസം പിടിക്കും. അത്രയും കാലം ഈ തൊഴിലാളികൾ തൊഴിൽ ഇല്ലാതെ വിഷമം അനുഭവിക്കേണ്ടി വരും. അങ്ങനെ വിഷമം പിടിച്ച ഒരു പരിതഃസ്ഥിതി അവിടെ ഉണ്ടാവുന്നുണ്ട്. ഇതിനെ സംബന്ധിച്ചുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ഗവണ്മെന്റ് പരിശോധിക്കേണ്ടതാണ്.

എനിക്ക് ഇപ്പോൾ പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളത് ഈ ഏപ്രിൽ ഒന്നാം തീയതി മുതൽക്ക് ജോലിയില്ലാതാകുന്ന ചെത്തു തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ സത്വരമായി ഗവണ്മെന്റ് നടപടിയെടുക്കണം എന്നുള്ളതാണ്. ലൈസൻസ് ഇല്ലാതെ തന്നെ ചെത്താൻ അനുവദിക്കുകയോ, അല്ലാത്തപക്ഷം ലൈസൻസ് കൊടുക്കാൻ എന്തെങ്കിലും വഴിയുണ്ടെങ്കിൽ അതു ചെയ്യുകയോ ചെയ്യണം. ഈ ഏപ്രിൽ ഒന്നാം തീയതി മുതൽക്ക് അവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സത്വരമായി ഗവണ്മെന്റ് സ്വീകരിക്കണം എന്ന അഭ്യർത്ഥിക്കുന്നു.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): നാളെ മറുപടി പറയാം.

PAPERS LAID ON THE TABLE

Minister for Law and Revenue (**Shri T. A. Thomman**):

Sir, I lay on the Table a Copy of Notification G. O. (P) No. 200/Rev dated 23rd March 1964 (S. R. O. No. 71/64) issued by the Government under Section 7 of the Kerala Land Assignment Act, 1960 (Act 30 of 1960) containing the Kerala Land Assignment Rules, 1961.

I also lay on the Table a copy of Notification No. 10038/N/64. Revenue dated 25th March 1964 (S. R. O. No. 76/64) issued by the Government under Section 129 of the Kerala Land Reforms Act 1963 (Act I of 1964) containing the Kerala Land Reforms (Tenancy) Rules, 1964.

PRESENTATION OF REPORTS.

Second Report of the Public Accounts Committee

Shri P. Balachandra Menon: Sir, I, Chairman, Public Accounts Committee, present the Second Report of the Committee on the Appropriation Accounts 1961-62 and the Audit Report 1963.

LEGISLATIVE BUSINESS

The Kerala Appropriation (No. 2) Bill, 1964.

Chief Minister (**Shri R. Sankar**). Sir, I introduce the Kerala Appropriation (No. 2) Bill, 1964.

Mr. Speaker: The Bill stands introduced.

Chief Minister (**Shri R. Sankar**): Sir, I move that the Kerala Appropriation (No. 2) Bill, 1964 be taken in to consideration,

Minister for Industries & Local Administration (**Shri K. A. Damodara Menon**) : I second it.

LIBRARY ARCHIVES Kerala Legislative Assembly